ചോദ്യോത്തരം

മുജീബ്

# പരലോകത്തിൽ വിശ്വസിക്കാത്തവർക്കും പരലോക രക്ഷ?

■ *വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്കാണ് പരലോകത്ത് അന്തിമ വിജയമായ സ്വർഗം ലഭിക്കുക എന്ന് പരിശുദ്ധ ഖുർആൻ പലയിടങ്ങളിലും വ്യക്തമാക്കുന്നുണ്ട്. നമ്മുടെ ലോകത്ത് അല്ലാഹുവിലോ അന്ത്യദിനത്തിലോ പ്രവാചകനിലോ വിശ്വസിക്കാത്ത വലിയ ഒരു ജനസമൂഹമുണ്ട്. അവർ നിർമതവാദികളായിരിക്കാം, അതല്ലെങ്കിൽ അല്ലാഹു അല്ലാത്ത മറ്റു ദൈവങ്ങളെ സങ്കൽപിച്ച് ആരാധനകൾ അർപിക്കുന്ന മറ്റു മതസ്ഥരായേക്കാം. ആരായാലും ശരി, ഇസ്‌ലാംമത വിശ്വാസികൾക്കിടയിൽ കാണുന്ന എത്രയോ നല്ല ഗുണങ്ങൾ ഇവരിലും കാണപ്പെടുന്നുണ്ട്. ജനസേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഇവർ സൗജന്യ ചികിത്സാ സഹായം നൽകുന്നു. അർഹരായവർക്ക് വീട് നിർമിക്കാൻ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നു. ഇങ്ങനെ പല മേഖലകളിലും സ്തുത്യർഹമായ സേവനങ്ങൾ അർപ്പിക്കുന്നു. ഒരു പ്രതിഫലേഛയുമില്ലാതെ വെറും മനുഷ്യത്വത്തിന്റെ പേരിലാണ് ഈ സേവന പ്രവർത്തനങ്ങൾ ഇവർ നടത്തുന്നത്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാത്തതിന്റെ പേരിൽ അല്ലാഹു ആദരിച്ച, മനുഷ്യ സമൂഹം അനുഭവിച്ചറിഞ്ഞ ഈ നന്മകൾക്ക് പകരം ഇവർക്ക് ശിക്ഷയാണോ നൽകപ്പെടുക? കാരുണ്യവാനായ ദൈവം ഇത്തരം സദ്പ്രവർത്തനങ്ങൾ കാണാതെ പോകരുതല്ലോ?*

**അബ്ദുന്നാസിർ തിരൂർ**

**ദൈവത്തിൽ** വിശ്വസിക്കാത്തവർക്ക് ദൈവാനുഗ്രഹവും പരലോകത്തിൽ വിശ്വസിക്കാത്തവർക്ക് പാരത്രിക രക്ഷയും ലഭിക്കണമെന്ന ആവശ്യം യുക്തിസഹമോ നീതിബോധമോ ആണോ എന്നാദ്യം ആലോചിക്കുക. രണ്ടാമതായി, എല്ലാ പ്രതികൂല സാഹചര്യങ്ങളെയും സമ്മർദങ്ങളെയും ഭീഷണികളെയും അതിജീവിച്ചു, ദൈവത്തിലും മരണാനന്തര ജീവിതത്തിലും ആത്മാർഥമായി വിശ്വസിച്ചു ദൈവപ്രീതിക്കും മരണാനന്തര ജീവിതത്തിലെ സൗഭാഗ്യത്തിനുമായി ജീവിക്കുന്നവരെയും, ഈ വിശ്വാസത്തിനൊന്നും പുല്ല് വില കൽപിക്കാത്തവരെയും തുല്യരായി കണക്കാക്കുന്നതാണോ നീതിയുടെ താൽപര്യം എന്നും ആലോചിക്കുക.

ഓരോരുത്തർക്കും അവർ ആഗ്രഹിക്കുന്നതെന്തോ അത് നൽകുക എന്നതാണ് ദൈവനീതി. അവിശ്വാസികൾ ലക്ഷ്യമാക്കുന്നത് ഇഹലോക ജീവിതത്തിലെ നേട്ടങ്ങളാണ്. അത് ജനസമ്മതിയോ സൽപേരോ പ്രത്യുപകാരമോ വോട്ടോ നോട്ടോ എന്തുമാവാം. സ്വാഭാവികമായും ഭൗതിക ജീവിതത്തിൽ അതവർക്ക് ലഭിക്കും. ഇതൊന്നും ആഗ്രഹിക്കാതെ നിഷ്കാമ കർമം ചെയ്യുന്ന പരമ സാത്വികർ ഉണ്ടെന്നിരിക്കട്ടെ, അവർക്ക് വേണ്ടത് ആത്മനിർവൃതിയാവും. അങ്ങനെയുള്ളവർക്ക് അല്ലാഹു അതും നൽകുന്നു. നമ്മക്ക് പകരം ശിക്ഷയുടെ പ്രശ്നമേ ഉത്ഭവിക്കുന്നില്ല. അല്ലാഹു മതിയായ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും സന്മാർഗവും കാണിച്ചുകൊടുത്തിട്ടും അവയത്രയും നിരാകരിക്കുകയും തന്നിഷ്ടപ്രകാരം ജീവിക്കുകയും ചെയ്യുന്നവർക്കാണ് ശിക്ഷ. നിഷേധിയോ ധിക്കാരിയോ അല്ലാത്ത അവിശ്വാസികളെ മരണാനന്തര ജീവിതത്തിൽ എങ്ങനെയാണ് പരമകാരുണികനായ അല്ലാഹു കൈകാര്യം ചെയ്യുന്നത് എന്ന് അവൻ സൃഷ്ടികളെ അറിയിച്ചിട്ടില്ല. അറിയാത്തതിനെക്കുറിച്ച് സംശയിക്കുന്നതും തർക്കിക്കുന്നതും അർഥശൂന്യമാണ്. തന്റെ ദാസന്മാരോട് കടുകിട അക്രമം കാണിക്കുന്നവനല്ല അല്ലാഹു എന്ന് അവൻ സംശയാതീതമായി വ്യക്തമാക്കിയിട്ടുണ്ട് എന്നതാണ് പ്രധാനം.

## ധാർമികതക്ക് ജനപിന്തുണയില്ല?

■ *"പ്രഫ. ജോസഫിന്റെ കൈ വെട്ടിയത് ഏതാനും മുസ്‌ലിം ചെറുപ്പക്കാരാണ്. അവർ പോപ്പുലർ ഫ്രണ്ടുകാരാണ്. അവർ പ്രതിനിധീകരിക്കുന്നത് മതതീവ്രവാദത്തെയാണ്. അതായത് മുസ്‌ലിംകൾക്കിടയിൽ തീവ്രവാദോന്മുഖമായ ഒരു ധാര നിലവിലുണ്ട്. എന്നാൽ ഈ ധാര മാത്രമാണോ മുസ്‌ലിംകൾ? കൈപ്പത്തി വെട്ടിമാറ്റപ്പെട്ട് ആശുപത്രിയിൽ കിടന്ന പ്രഫ. ജോസഫിന് രക്തം ദാനം ചെയ്തത് മുസ്‌ലിം രാഷ്ട്രീയത്തിന്റെ വ്യത്യസ്തമായ പ്രാതിനിധ്യമവകാശപ്പെടുന്ന സോളിഡാരിറ്റിക്കാരാണ്.....*

*ഒരേ ദർശനത്തിന്റെ പ്രയോഗത്തിൽ തികച്ചും വ്യത്യസ്തമായ ശൈലികളാണ് ഇരു കൂട്ടരുടേതും. കൈ വെട്ടുകയും വെട്ടേറ്റ ആൾക്ക് രക്തദാനം നടത്തുകയും ചെയ്യുന്ന നേർവിപരീതങ്ങൾ. ഈ രണ്ട് വിപരീതങ്ങളും തെരഞ്ഞെടുപ്പ് രംഗത്തുണ്ടായിരുന്നു. എന്നാൽ താരതമ്യേന മുസ്‌ലിം പിന്തുണ കൂടുതൽ ലഭിച്ചത് മത സൗഹാർദം കൊട്ടിഘോഷിക്കുന്നവർക്കല്ല. തീവ്രവാദം ആരോപിക്കപ്പെടുന്നവർക്കാണ്" (എ.പി കുഞ്ഞാമു, പച്ചക്കുതിര മാസിക). മുസ്‌ലിം പൊതുബോധത്തിൽ അടങ്ങിയിട്ടുള്ളത് തികഞ്ഞ സാമുദായികതയും വൈകാരികതയുമാണെന്നത് ഒരു യാഥാർഥ്യമല്ലേ? ധാർമികതയും മൂല്യബോധവുമെല്ലാം അതിന്റെ മുമ്പിൽ നിഷ്ഫലമാകുന്നു. നേരും നെറിയും രാഷ്ട്രീയത്തിൽ ആവശ്യമല്ലെന്ന് കരുതുന്ന ഒരു സമൂ*

*ഹത്തെ മാറ്റിപ്പണിയുക എളുപ്പ
മാണോ?*

***ടി.സി പയ്യന്നൂർ***

**ച**രിത്രത്തിൽനിന്നും അനുഭവ
ത്തിൽനിന്നും ഒരു പാഠവും പഠിക്കാ
തെയോ പഠിച്ച പാഠം നിരാകരിച്ചു
കൊണ്ടോ ആണ് ഇത്തരം വാദഗതി
കൾ. ഇന്ത്യൻ മുസ്‌ലിംകൾ ഇന്നനുഭവി
ച്ചുകൊണ്ടിരിക്കുന്ന എല്ലാ ദുരിതങ്ങളു
ടെയും പ്രയാസങ്ങളുടെയും നാരായ
വേര് സാമുദായികാടിസ്ഥാനത്തിലെ
ദ്വിരാഷ്ട്ര സിദ്ധാന്തവും തദ്ഫലമായ
ഇന്ത്യാ വിഭജനവുമാണെന്ന് സാമാന്യ
ബുദ്ധിയുള്ളവർക്കൊക്കെയും അറി
യാം. എന്നും കുറ്റബോധത്തോടെ,
ഏകീകൃത നേതൃത്വമോ മാർഗദർശ
നമോ ഇല്ലാതെ ശിഥിലരും ദുർബലരു
മായി കഴിയേണ്ടിവന്നു ഇന്ത്യയിലെ
മുസ്‌ലിം ന്യൂനപക്ഷം. പക്ഷേ,
തികച്ചും വൈകാരികവും വർഗീയവു
മായ പ്രചാരണങ്ങളിൽ അഭിരമിച്ച
ഇന്ത്യൻ മുസ്‌ലിംകളിലെ മഹാഭൂരിപ
ക്ഷവും പാകിസ്താൻവാദത്തെ പിന്താ
ങ്ങിയപ്പോൾ മൗലാനാ അബുൽ കലാം
ആസാദ് മുതൽ മുഹമ്മദ് അബ്ദുർറ
ഹ്മാൻ സാഹിബ് വരെയുള്ള പക്വമതി
കൾ അത്യന്തം വിനാശകരമായ ഭവി
ഷ്യത്തിനെ പറ്റി സമുദായത്തെ ആവും
പടി ബോധവത്കരിച്ചിരുന്നു. പക്ഷേ,
ന്യൂനാൽ ന്യൂനപക്ഷം മാത്രമാണ് അവ
രോടൊപ്പം നിന്നത്. അന്ന് ആസാ
ദിനും മുഹമ്മദ് അബ്ദുർറഹ്മാനും
തെറ്റു പറ്റിയെന്നും ജിന്നാ സാഹിബ്
ചെയ്തതാണ് ശരിയെന്നും ഇന്നീ ഉപ
ദേശികൾ വാദിക്കുമോ? വൈകാരിക
പ്രചാരണങ്ങൾക്ക് തൽക്കാലത്തേക്ക്
ആളെക്കൂട്ടാൻ കഴിഞ്ഞേക്കും.
അതുകൊണ്ട് സത്യവും അവരെ കൂടെ
യാണെന്ന് വരുന്നില്ല.

പ്രഫസർ ജോസഫിന്റെ കൈവെ
ട്ടിയതിന്റെ ഉത്തരവാദിത്വത്തിൽനിന്ന്
തുടക്കത്തിൽ തലയൂരാൻ ശ്രമിച്ച
പോപ്പുലർ ഫ്രണ്ട്, ഒടുവിൽ പഞ്ചാ
യത്ത് തെരഞ്ഞെടുപ്പ് വന്നപ്പോൾ അത്
വോട്ടാക്കി മാറ്റാനാണ് മിനക്കെട്ടത്.
അതുകൊണ്ട് മാത്രമല്ല യു.ഡി.എഫു
മായുള്ള പരോക്ഷ ധാരണയുടെ കൂടി
ഫലമായി ഏതാനും വാർഡുകളിൽ
എസ്.ഡി.പി.ഐക്ക് ജയിക്കാനും
സാധിച്ചു. അതുകൊണ്ട് മേലിൽ മത
സൗഹാർദം വേണ്ടതില്ല, തീവ്രവാദ
മാണ് ശരി എന്ന തെറ്റായ പാഠം പഠി
ക്കാൻ സോളിഡാരിറ്റിയോ ജമാഅത്തെ
ഇസ്‌ലാമിയോ ഏതായാലും തയാറില്ല.
തീവ്രവാദത്തെ നഖശിഖാന്തം
എതിർത്തും സാമുദായിക സൗഹാർദം
പരമാവധി ഉയർത്തിപ്പിടിച്ചും കിട്ടുന്ന
ജനപിന്തുണ മതി ഇസ്‌ലാമിക പ്രസ്ഥാ
നത്തിന്. സത്യവും നീതിയും ധർമവും
സമാധാനവും മുറുകെ പിടിക്കുന്ന
പ്രസ്ഥാനങ്ങൾക്ക്, നൂറ്റാണ്ടുകളായി
തെറ്റിദ്ധരിപ്പിക്കപ്പെടുകയും വഴിപിഴപ്പി
ക്കപ്പെടുകയും ചെയ്ത സമൂഹത്തെ
അത്രയെളുപ്പം മാറ്റിയെടുക്കാനാവില്ലെ
ന്നത് ശരിയാണ്. ചിലപ്പോൾ സത്യ
ത്തിന്റെ പോരാളികൾ ഭൗതികമായി
പരാജയത്തിന്റെ പടുകുഴിയിൽ വീഴു
ന്നതും ചരിത്രത്തിൽ അപരിചിതമല്ല.
എന്നാലും സഹനസമരം തുടരുകയ
ല്ലാതെ മറ്റു വഴിയില്ല.

## ബി.ജെ.പി വളർച്ച പ്രാപിക്കും?

■ *"ജമാഅത്ത് നേതാക്കൾ എങ്ങനെ
വിശദീകരിച്ച് അണികളെ അടക്കി
നിർത്തിയാലും തദ്ദേശ സ്വയംഭരണ
തെരഞ്ഞെടുപ്പ് ഫലം രാഷ്ട്രീയ
എടുത്ത് ചാട്ടത്തിനെതിരെ അവരുടെ
തലക്ക് കിട്ടിയ കിഴുക്കാണ്. അഞ്ച്
കോർപറേഷനുകളിലെയോ അനേകം
മുനിസിപ്പാലിറ്റികളിലെയോ ഒരു
വാർഡിൽ പോലും മേൽവിലാസമു
ണ്ടാക്കാൻ കഴിയാതെ പോയ അവർക്ക്
19115 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ
ഒമ്പത് എണ്ണത്തിലാണ് പേരിനെങ്കിലും
സാന്നിധ്യമുണ്ടാക്കാനായത്. എന്നാൽ
ജമാഅത്ത് വക്താവ് തെരഞ്ഞെടുപ്പ്
ഫലം വിശകലനം ചെയ്തുകൊണ്ട്
എഴുതുന്നത് തെരഞ്ഞെടുപ്പ് ഗോദ
യിൽ പിടിച്ചുനിൽക്കാനും മികച്ച
മത്സരം കാഴ്ചവെക്കാനും സാധിച്ചു
എന്നാണ്. മത്സരിച്ച 1700 സീറ്റിൽ 1691
-ലും മലർന്നടിച്ചു വീണതിനെ എങ്ങ
നെയാണ് പിടിച്ചുനിൽക്കാനായി എന്ന്
സ്വന്തം വാരികയിൽ തട്ടിവിടുന്നത്.
ജമാഅത്ത് എത്ര വേഗം പുതിയ
രാഷ്ട്രീയ പാർട്ടിയുമായി രംഗത്തിറ
ങ്ങുന്നുവോ അത്ര വേഗം ബി.ജെ.പി
കേരളത്തിൽ വളർച്ച പ്രാപിക്കും."* മാ
*തൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന ഈ
വിലയിരുത്തലിനെപ്പറ്റി എന്തു പറ
യുന്നു?*

***അഫ്നാൻ അശ്റഫ് കവ്വായി***
***കണ്ണൂർ***

**ആ**റ് പതിറ്റാണ്ട് പിന്നിട്ട ഒരു
പ്രസ്ഥാനം, വേണ്ടത്ര ആലോ
ചിച്ചും അവധാനപൂർവമായും
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളി
ലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സ
രിച്ചതിനെപ്പറ്റി എങ്ങനെയാണ്
എടുത്തു ചാട്ടം എന്ന് പറയുക?
ഒരു രാഷ്ട്രീയ പാർട്ടി രൂപീക
രിച്ചോ ചിഹ്നവും കൊടിയും സ്വീക
രിച്ചോ വേണ്ടത്ര മുന്നൊരുക്കങ്ങൾ
ചെയ്തോ അല്ല കേരളത്തിൽ തെര
ഞ്ഞെടുപ്പിനെ നേരിട്ടത് എന്നത്
സത്യമാണെങ്കിലും അതൊക്കെ
ഉണ്ടായാലും തകർപ്പൻ വിജയ
മൊന്നും ജമാഅത്തെ ഇസ്‌ലാമി
പ്രതീക്ഷിച്ചിരുന്നില്ല, അവകാശപ്പെ
ട്ടിരുന്നുമില്ല. ആദ്യ പരീക്ഷണ
ത്തിൽ സ്വതന്ത്രമാർ ഉൾപ്പെടെ 14
പേർ വിജയിച്ചു, നൂറോളം വാർഡു
കളിൽ രണ്ടാം സ്ഥാനത്തെത്തു
കയും ചെയ്തു. ഇതാണോ മലർന്ന
ടിച്ചു വീഴൽ? വിജയഭേരി മുഴക്കുന്ന
മുസ്‌ലിം സാമുദായിക പാർട്ടിക്ക്
ഒറ്റക്ക് മത്സരിച്ചിരുന്നെങ്കിൽ ഇന്ന്
കിട്ടിയ സീറ്റുകളുടെ നാലിലൊന്നെ
ങ്കിലും ലഭിക്കുമായിരുന്നോ? മുന്ന
ണിയായി മത്സരിച്ചിട്ടു കൂടി 2006
-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ
മലർന്നടിച്ചു വീണില്ലേ? കേന്ദ്രം ഭരി
ക്കുന്ന കോൺഗ്രസ് ബീഹാർ നിയ
മസഭാ തെരഞ്ഞെടുപ്പിൽ നിലം
പരിശായതോ? ഇന്ത്യൻ യൂനിയൻ
മുസ്‌ലിം ലീഗ് തന്നെ ബംഗാളിലും
കർണാടകയിലും ഇതര സംസ്ഥാന
ങ്ങളിലും വട്ടപൂജ്യമാണ് നേടിയ
തെന്നത് കൊണ്ട് ഇപ്പണി
നിർത്താൻ ലീഗിനെ ഉപദേശിക്കാ
ത്തതെന്തേ?

ബി.ജെ.പി ശക്തിപ്രാപിക്കു
ന്നുവെങ്കിൽ അതിന് കാരണം ഒരു
മുസ്‌ലിം സംഘടനയുടെയും രാഷ്
ട്രീയ പ്രവേശമല്ല, മതേതര പാർട്ടി
കളുടെ മൃദുഹിന്ദുത്വവും അനൈ
ക്യവും മീഡിയയുടെ അനുകൂല നി
ലപാടുമാണെന്ന് ഏത് കണ്ണുപൊട്ട
നും കാണാവുന്നതാണ്. കേരളത്തി
ലും സി.പി.എമ്മിന്റെ ഭൂരിപക്ഷ പ്രീ
ണനമെന്ന് തോന്നിക്കാവുന്ന നില
പാടുകളാണ് ബി.ജെ.പിക്ക് ഗുണക
രമായി ഭവിച്ചത്. രാഷ്ട്രീയത്തെ
ആഴത്തിൽ ഗ്രസിച്ച അധാർമികത
ക്കും അഴിമതിക്കും എതിരെ, പാർ

ശവത്കൃത ജനവിഭാഗങ്ങളുടെ മോചനത്തിന് വേണ്ടി ഇന്ത്യയിൽ പുതുതായി ഒരു രാഷ്ട്രീയ പാർട്ടി രംഗപ്രവേശം ചെയ്താൽ ബി.ജെ.പി വളരുക വിദൂര സാധ്യത പോലുമല്ല. എന്നാൽ കോൺഗ്രസ്സും യു.പി.എയും ഇമ്മട്ടിൽ പോയാൽ തീർച്ചയായും ബി.ജെ.പി തിരിച്ചുവരും.

## മതസംഘടനകളിലെ സ്ഥാനമോഹം

■ *"മാതൃ സംഘടനയിലേക്ക് മടങ്ങിവരുന്ന നദ്‌വത്തുൽ മുജാഹിദീൻ പക്ഷത്തിനു സംഘടനയുടെയും പോഷക സംഘടനകളുടെയും പ്രവർത്തക സമിതികളിൽ നിശ്ചിത അംഗങ്ങളെ നൽകണം എന്ന ഉപാധി, രാഷ്ട്രീയ പാർട്ടികളുടെ ലയനം പോലെയാകുമെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു" (മുജാഹിദ് ഐക്യശ്രമങ്ങൾക്ക് വീണ്ടും തിരിച്ചടി– മാധ്യമം 2010 നവംബർ 1).*
*അല്ലാഹുവിന്റെ മാർഗത്തിലുള്ള പ്രവർത്തനങ്ങൾ സ്ഥാനമാനങ്ങൾ മോഹിച്ചാണോ ചെയ്യുന്നത്? 'ദീനിന്റെ മാർഗത്തിൽ നിങ്ങൾ ഐക്യപ്പെടുക, ഭിന്നിക്കരുത്' എന്ന ഖുർആനിക നിർദേശങ്ങളുടെ ലംഘനമല്ലേ മേൽ തീരുമാനങ്ങൾ?*

***എൻ.വി മുഹമ്മദലി പുളിക്കൽ***

**ന**മ്മുടെ സാമ്പ്രദായിക മത സംഘടനകൾ വിശുദ്ധ ഖുർആന്റെയും തിരുസുന്നത്തിന്റെയും നേർപാതയിൽ നിന്ന് വ്യതിചലിക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന തെറ്റിദ്ധാരണയാണ് ചോദ്യത്തിന് പ്രചോദനം. അസത്യങ്ങളും അർധസത്യങ്ങളും യഥേഷ്ടം ഉപയോഗിച്ചുകൊണ്ടുള്ള പരസ്പരാരോപണങ്ങളും വിഴുപ്പലക്കലും അപവാദ പ്രചാരണവും ഊര് വിലക്കും അതുപോലുള്ള എല്ലാ മാരക രോഗങ്ങളും നിർഭാഗ്യവശാൽ മത സംഘടനകളിലാണ് കാണപ്പെടുന്നത്. രാഷ്ട്രീയ പാർട്ടികൾ ഇവരേക്കാൾ എത്രയോ ഭേദമാണെന്ന് തോന്നും. പണത്തിനും പദവികൾക്കും വേണ്ടിയുള്ള കിടമത്സരമാണ് പല മത സംഘടനകളെയും പിളർത്തത് പോലും. മനസ്സ് ശുദ്ധമാവാതെ ഒരേകീകരണ ശ്രമവും വിജയിക്കില്ല.

## ആസ്ത്രേലിയയുടെ മാതൃക

■ *ഭീകരവാദി എന്നാരോപിച്ച് തടവിലിട്ട് പീഡിപ്പിക്കുകയും പിന്നീട് നിരപരാധിയായി വിട്ടയക്കുകയും ചെയ്ത ഇന്ത്യൻ ഡോക്ടർക്ക് നാലര കോടി രൂപ നഷ്ടപരിഹാരം നൽകാൻ ആസ്ത്രേലിയൻ സർക്കാർ സമ്മതിച്ചു. എങ്കിൽ ഇന്ത്യയിൽ കൊല്ലങ്ങൾ വിചാരണ കൂടാതെ ജയിലിലടച്ച് പീഡിപ്പിച്ച നിരപരാധികൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകാത്തതെന്ത്?*

***എ.ആർ ചെറിയമുണ്ടം***

**മാ**തൃകാപരമാണ് ആസ്ത്രേലിയയുടെ നിലപാട്. ഭീകരവാദി എന്നാരോപിക്കപ്പെട്ട ഇന്ത്യക്കാരനായ മുസ്‌ലിം ഡോക്ടർക്കെതിരെ നടപടിയെടുത്തെങ്കിലും ആരോപണം അടിസ്ഥാന രഹിതമാണെന്ന് തെളിഞ്ഞപ്പോൾ അദ്ദേഹത്തോട് മാപ്പ് പറഞ്ഞു, രാജ്യത്ത് മടങ്ങിവരാൻ അനുവദിച്ചു, ജയിലിൽ കിടത്തിയതിന് മതിയായ നഷ്ടപരിഹാരവും നൽകി.

നമ്മുടെ രാജ്യത്തോ? അബ്ദുന്നാസർ മഅ്ദനിക്കെതിരെ വ്യാജാരോപണം ഉന്നയിച്ച് ഒമ്പതര വർഷം തടവിലിട്ടു, കോടതി നിരപരാധിയാണെന്ന് വിധിച്ചപ്പോൾ വിട്ടയച്ചെങ്കിലും വീണ്ടും കള്ളക്കേസിൽ കുടുക്കി ജയിലിലടച്ച്, രോഗിയും വികലാംഗനുമായ ആ മത പണ്ഡിതനെ പരമാവധി ശിക്ഷിക്കുകയാണ്. സാക്ഷികളുടെ സത്യാവസ്ഥ അന്വേഷിച്ച പത്രലേഖികക്കെതിരെ പോലും രാജ്യദ്രോഹക്കേസ്. നിരപരാധികളെന്ന് തെളിഞ്ഞവരെ എത്രകാലം അന്യായമായി ജയിലിലടച്ചാലും മാപ്പുമില്ല, നഷ്ടപരിഹാരവുമില്ല. അജ്മീർ, മാലേഗാവ്, ഹൈദരാബാദ് മക്കാ മസ്ജിദ്, സംഝോത എക്സ്പ്രസ് എന്നിവിടങ്ങളിലെ സ്ഫോടനങ്ങളുടെ പേരിൽ ഒട്ടനവധി മുസ്‌ലിം യുവാക്കളെ തികഞ്ഞ മുൻവിധിയോടെ അറസ്റ്റ് ചെയ്തു പീഡിപ്പിച്ചു. പിന്നീടാണ് ഹിന്ദുത്വ ഭീകരരാണ് സ്ഫോടനങ്ങൾക്കുത്തരവാദികൾ എന്ന് അന്വേഷണ ഏജൻസികൾക്ക് ബോധ്യപ്പെടുന്നത്. എന്നിട്ടും പണ്ട് അറസ്റ്റിലായവരിൽ പലരും ഇപ്പോഴും തടവറയിലാണ്. അവരെ വിട്ടയക്കാൻ പോലും സർക്കാറുകൾ തയാറായിട്ടില്ല. ഇത്തരം കൊടിയ നീതിനിഷേധങ്ങളാണ് തീവ്രവാദത്തെ ഉൽപാദിപ്പിക്കുന്നത്.

## ആൾദൈവത്തിനും ഖുർആൻ തെളിവ്?

■ *"നിങ്ങളിൽ ചിലർ ഞാൻ ദൈവമെന്ന് പ്രഖ്യാപിക്കുന്നതായി ഉദ്ധരിക്കുന്നുണ്ട്. പക്ഷേ ആ ഉദ്ധരണി പൂർണമല്ല. നിങ്ങൾ ഓരോരുത്തരും ദൈവമാണ്. നിങ്ങളും ഞാനും തമ്മിലുള്ള വ്യത്യാസം, ഞാൻ ദൈവമാണെന്നുള്ളത് ഞാൻ അറിയുന്നു. നിങ്ങൾ അത് ഇനിയും അറിയുന്നില്ല." ഈ വാക്കുകൾ മാതാ അമൃതാനന്ദമയിയുടേതാണ്. മനുഷ്യൻ ദൈവത്തിന്റെ പ്രതിനിധിയാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നതിന് സമാനമായ തെളിവാണ് അമ്മയുടെ ഈ വാക്കുകളെന്ന് അമ്മ ഭക്തനായ ഒരു മുസ്‌ലിം നാമധാരി സമർഥിക്കുന്നു (സി.എ കരീം, മാതൃഭൂമി). പ്രതികരണം?*

***നൂഹ നസീറ കവ്വായി കണ്ണൂർ***

**'പ**റയുക അവൻ, അല്ലാഹു ഒരുവനാകുന്നു. അവൻ സന്താനോൽപാദനം നടത്തിയിട്ടില്ല, സന്തതിയായി ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഉണ്ടായിട്ടില്ല' എന്നതാണ് ഖുർആൻ അവതരിപ്പിക്കുന്ന ദൈവസങ്കൽപത്തിന്റെ ആകെത്തുക. ഒരമ്മയുടെയും അഛന്റെയും മകനോ മകളോ ആയി ഭൂമിയിൽ പിറന്ന ഒരാളും ദൈവമാകില്ലെന്ന് വ്യക്തമാവാൻ ഇതിൽപരം തെളിവുകൾ വേണ്ട. അതിനാൽ മനുഷ്യപുത്രിയായി ജനിച്ച സുധാമണി ആര് എങ്ങനെ വ്യാഖ്യാനിച്ചാലും, സ്വയം എന്തൊക്കെ അവകാശപ്പെട്ടാലും ഖുർആന്റെ കണ്ണിൽ ദൈവമല്ല എന്ന് കട്ടായം. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി അല്ലാഹു സൃഷ്ടിച്ചത് ആദം എന്ന മനുഷ്യനെയാണ്. ആ മനുഷ്യനിൽനിന്ന് തന്റെ ഇണയെയും ആ ദമ്പതികളിൽ നിന്നായി മറ്റെല്ലാ മനുഷ്യരെയും ദൈവം സൃഷ്ടിച്ചു. അവർ ശരിയും തെറ്റും, ഓർമയും മറവിയും പറ്റാവുന്ന സൃഷ്ടികളാണെന്ന് തെളിയിക്കുന്ന ഒന്നാമത്തെ സംഭവമാണ് പിശാചിന്റെ ദുർബോധനത്തിനിരയായി വിലക്കപ്പെട്ട കനി ആദം ഭക്ഷിച്ചത്. മനുഷ്യന് തന്റെ വിശ്വാസവും കർമവും വഴി മാലാഖമാരേക്കാൾ ഉയരാം, അത് രണ്ടും വഴി മൃഗങ്ങളേക്കാൾ അധഃപതിക്കുകയും ചെയ്യാം. പക്ഷേ, ദിവ്യത്വം മാത്രം ഒരു മനുഷ്യനും വിധിച്ചിട്ടില്ല. ■